"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്) മിഷനിൽ അഡീഷണൽ മിഷൻ ഡയറക്ടർ തസ്തിക താൽക്കാലികമായി സൃഷ്ടിച്ച് ശ്രീ.എൽ.പി.ചിത്തറിന്റെ 2/8/2019ലെ കരാർ നിയമനം റീ എംപ്ലോയ്മെന്റായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.95/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 12.06.2020.**

പരാമർശം: 1) സ.ഉ.(സാധാ)നം.811/2019/തസ്വഭവ തീയതി 05.04.2019.
2) സ.ഉ.(സാധാ)നം.1654/2019/തസ്വഭവ തീയതി 01.08.2019.
3) സ.ഉ.(സാധാ)നം.2390/2019/തസ്വഭവ തീയതി 28.10.2019.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയിരുന്ന ശ്രീ.എൽ.പി.ചിത്തറിന് എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ പൂർണ്ണ അധികച്ചുമതല പരാമർശം 1 പ്രകാരം നൽകിയിരുന്നു. 31.07.2019-ൽ ടിയാൻ വിരമിച്ചതിനെത്തുടർന്ന്, ടിയാന്റെ സേവനം മിഷന്റെ വിജയകരമായ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്ക് സഹായകരമാകുമെന്നതിനാൽ, പരാമർശം 2 പ്രകാരം ടിയാനെ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ടിയാനെ നിയമിച്ച തസ്തിക, വേതനം, കരാർ വ്യവസ്ഥകൾ എന്നിവ പിന്നീട് നിർണ്ണയിക്കുന്നതാണെന്ന് നിയമന ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ശ്രീ.ചിത്തർ 02.08.2019 മുതൽ കരാറടിസ്ഥാനത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. മിഷനിൽ തുടർന്നുവരുന്നു. ശ്രീ.എൽ.പി.ചിത്തറിനെ നിയമിച്ച തസ്തിക അഡീഷണൽ മിഷൻ ഡയറക്ടർ എന്ന് വ്യക്തമാക്കി പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനിൽ അഡീഷണൽ മിഷൻ ഡയറക്ടറുടെ തസ്തിക ഒരു വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച്, ശ്രീ.എൽ.പി.ചിത്തർ അവസാനം വാങ്ങിയ വേതനത്തിൽ നിന്നും അടിസ്ഥാന പെൻഷൻ കുറയ്ക്കുന്ന തുകയായ 54,821/- രൂപ (95000-40179) അടിസ്ഥാന ശമ്പളത്തിൽ, 19.10.2016-ലെ G.O.(P) No.159/2016/Fin ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് ആനുകൂല്യങ്ങൾ നൽകി, വേതനവും ആനുകൂല്യങ്ങളും,എം.ജി.എൻ.ആർ.ഇ.ജി.എസ്.ഭരണച്ചെലവുകളിൽ (100% കേന്ദ്രഫണ്ട്) നിന്നും നൽകണമെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. പാർട്ട് III, റൂൾ 99 & 100 പ്രകാരം ടിയാന്റെ 02.08.2019-ലുള്ള കരാർ നിയമനം റീഎംപ്ലോയ്മെന്റായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദാ മുരളീധരൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

**ഗ്രാമവികസന കമ്മീഷണർ**, തിരുവനന്തപുരം.
**ശ്രീ.എൽ.പി.ചിത്തർ, അഡീഷണൽ മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്**(ഗ്രാമവികസന **കമ്മീഷണർ** മുഖേന)
**പ്രിൻസിപ്പൽ** അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
**അക്കൗണ്ടന്റ് ജനറൽ (എ&ഇ)** കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
**പൊതുഭരണ എസ്.സി വകുപ്പിന്**(10/6/2020ലെ ഇനം.നം.4043 പ്രകാരം)
**ധനകാര്യ** വകുപ്പ്(**6/4/2020** ലെ DEV-1/266/2019-FIN പ്രകാരം)

✓ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ